# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 10/10/ 2020


## ഒരുവർഷമായിഒളിവിൽ കഴിഞ്ഞ യുവാവിനെ കണ്ണൂരിൽ നിന്നും പിടികൂടി

കൊല്ലം : കാലപാതക ശ്രമത്തിന് ശേഷംഒരുവർഷമായിഒളിവിൽകഴിഞ്ഞ യുവാവിനെ കണ്ണൂർജില്ലയിലെനാരത്ത്നിന്നും പിടികൂടി. കൊട്ടിയം പോലീസ് സ്റ്റേഷൻ പരിധിയിലെ ഒാറ്റ പ്ലാംമ്മൂട് വിജയ ഭവനത്തിൽ വിജയൻ മകൻ 19 വയസ്സുള്ള ജിവിനാണ് പോലീസ് പിടിയിലായത്. ഒറ്റപ്ലാംമ്മൂടുള്ള മധ്യവയസ്കനായകുഞ്ഞുമോനെ വെട്ടികൊലപ്പെടുത്താൻ ശ്രമിച്ചതിനാണ്പിടിയിലായത്. കുഞ്ഞുമോന്റെകരിമീൻകളത്തിൽ നഞ്ച് കലക്കി മീൻപിടിച്ചതിന് ശേഷംവള്ളവുമായി കടന്നതിനെ ചോദ്യംചെയ്തതിന്റെവിരോധത്തിലാണ് ആക്രമിച്ചത്. കഴിഞ്ഞ വർഷംആഗസ്റ്റ് 18ന് ഒറ്റപ്ലാമ്മൂട് കടവിൽവച്ച്കാറ്റാടികഴകൊണ്ട്കുഞ്ഞുമോനെ അടിച്ച്വീഴ്തികൊടുവാൾവച്ച്വെട്ടികൊലപ്പെടുത്താൻ ശ്രമിക്കുകയായിരുന്നു. മുതുകത്ത്മാരകമായിമുറിവേറ്റ കുഞ്ഞുമോൻ ദീർഘനാളത്തെ ചികിത്സയ്ക്ക്ശേഷമാണ്സുഖം പ്രാപിച്ചത്. കൊട്ടിയം പോലീസ് സ്റ്റേഷൻ പരിധിയിൽ നിന്നുംകാപ്പാ പ്രകാരംകരുതൽ തടങ്കലിൽകഴിഞ്ഞ വിജയൻ നേതൃത്വം നൽകിയസംഘമാണ് ആക്രമണം നടത്തിയത്. വധശ്രമത്തിന്ശേഷംസംഘത്തിലുൾപ്പെട്ട മൂന്ന് പേരെ പിടികൂടിയെങ്കിലും ജിവിൻ ഒളിവിൽ പോകുകയായിരുന്നു. ഇയാൾ നാരത്ത്എന്ന സ്ഥലത്ത്വീടെടുത്ത്വളപട്ടണം പുഴയിൽമത്സ്യബന്ധനം നടത്തികഴിഞ്ഞ്വരുകയായിരുന്നു. ഇയാൾ നാരത്ത്താമസിക്കുന്നതായിജില്ലാ പോലീസ് മേധാവിക്ക്ലഭിച്ച വിവരത്തിന്റെഅടിസ്ഥാനത്തിൽസിറ്റിസൈബർസെല്ലിന്റെസഹായത്തോടെനടത്തിയ അന്വേഷണത്തിലാണ് അറസ്റ്റിലായത്. ഇയാളെറിമാന്റ്ചെയ്തു. കണ്ണനല്ലൂർ ഇൻസ്പെക്ടർവിപിൻകുമാർ.യൂ. പി, കൊട്ടിയംഎസ്സ്.ഐമാരായ അമൽ.സി, അഷ്ടമൻ, സി.പി.ഓാസുബാഷ്സൈബർസെൽ എ.എസ്സ്.ഐ നിയാസ് എ എന്നിവർചേർന്നാണ് പ്രതിയെ പിടികൂടിയത്.



ജിവിൻ (19)